"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്കായ ശ്രീ.വിപിൻ.പി യ്ക്ക് പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ്/ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2929/2022/LSGD തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-

1. 06.02.2013ലെ സ.ഉ(പി) 05/13/ഉഭപവ നമ്പർ ഉത്തരവ്.
2. ശ്രീ.വിപിൻ.പി യുടെ 16.01.2022 ലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 06.04.2022 ലെ ഇ6-2932/19/DME നമ്പർ നടപടി ക്രമം.
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 17.05.2022 ലെ ഇ6-246/22/DME നമ്പർ നടപടിക്രമം.
5. പഞ്ചായത്ത് ഡയറക്ടറുടെ 28.07.2022, 22.10.2022 എന്നീ തീയതികളിലെ ഇ6-5727/2022 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ 15.07.2021 മുതൽ ജോലി നോക്കി വരുന്ന ക്ലാർക്ക് ശ്രീ.വിപിൻ.പി യ്ക്ക് പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ്/ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 3(viii) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. ശ്രീ.വിപിൻ.പി യുടെ ക്ലാർക്ക് തസ്തികയിലെ സേവനം പരാമർശം(3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാനെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പാലക്കാട് ജില്ലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ഒഴിവുകൾ നിലവിലില്ല എന്ന് പരാമർശം (4) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.വിപിൻ.പി യ്ക്ക് പഞ്ചായത്ത് വകുപ്പിൽ പാലക്കാട് ജില്ലയിൽ

ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ശ്രീ.വിപിൻ.പി ജൂനിയറായി പാലക്കാട് ജില്ലയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതും പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ.വിപിൻ.പി, ക്ലാർക്ക്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, പാലക്കാട്(മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (184/ഇപിഎ1/2022/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danyill

സെക്ഷൻ ഓഫീസർ